**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 474

29.6.2016 -ൽ മറുപടിക്ക്

## കാസർകോട് സർക്കാർ അതിഥി മന്ദിരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ എത്ര മുറികളുണ്ട് ; എല്ലാ മുറികളും എയർകണ്ടീഷൻ ചെയ്തതാണോ; ഇല്ലെങ്കിൽ എത്ര മുറികളിലാണ് എ.സി. ഘടിപ്പിക്കാത്തത് ; ഈ മുറികളിൽ എ.സി. ഘടിപ്പിക്കാൻ പദ്ധതിയുണ്ടോ ; | എ) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ 12 മുറികളുണ്ട്. ഇതിൽ 7 മുറികൾ എ.സി.യും മറ്റ 5 മുറികൾ എ.സി.ഇല്ലാത്തവയും ആണ്. എ.സി. ഇല്ലാത്ത മുറികളിൽ എ.സി.ഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലില്ല. |
| ബി) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ ജനറേറ്റർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിരന്തരം വൈദ്യുതി തടസ്സം അനുഭവപ്പെടുന്ന ഇവിടെ ജനറേറ്റർ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | ബി) കാസർകോട് സർക്കാർ അതിഥി മന്ദിരത്തിലെ ജനറേറ്റർ പ്രവർത്തനക്ഷമമാണ്. |
| സി) പരിമിതികൾ അനുഭവപ്പെടുന്ന കാസർകോട് സർക്കാർ അതിഥി മന്ദിരത്തിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ ആലോചനയുണ്ടോ ; ഇല്ലെങ്കിൽ ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ? | സി) അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**